<u>ശ്രീ. പി. എ. മാധവൻ</u>: സർ, ഇന്ന് വാക്കൗട്ട് പ്രസംഗത്തിനിടയിൽ ആദരണീയനായ നമ്മുടെ പ്രതിപക്ഷ നേതാവ്, നിർഭാഗ്യവശാൽ ഞാൻ ഏറെക്കുറെ സോളാർ കേസിൽ പ്രതിയാണ് എന്നുവരാവുന്ന തരത്തിൽ വളരെ മോശമായ രീതിയിലുള്ളൊരു പരാമർശം ഇവിടെ നടത്തി. ഞാൻ സോളാർ കേസുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട ആളല്ല. എനിക്ക് കഴിഞ്ഞ സെപ്റ്റംബർ 7-ാം തീയതി സോളാർ കമ്മീഷൻ മുൻപാകെ ഹാജരാകണമെന്നൊരു നോട്ടീസ് കിട്ടി. കേരള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി അംഗമെന്നുള്ള നിലയിൽ എനിക്കന്ന് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കേണ്ടതുള്ളതിനാൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിത്തരണമെന്ന് വക്കീൽ മുഖാന്തിരം ആവശ്യപ്പെട്ടു. ഒരു പൗരൻ എന്ന നിലയിൽ നിയമത്തിന്റെ ആനുകൂല്യം എനിക്ക് അർഹതപ്പെട്ടതാണ്. സോളാർ കമ്മീഷന് മുൻപാകെ ഹാജരാകുന്നതുമായി ബന്ധപ്പെട്ട് ഞാനൊരു വക്കീലിനെ നിയോഗിച്ചു. അത് അംഗീകരിക്കാത്തൊരു കമന്റ് സോളാർ കമ്മീഷന്റെ ഭാഗത്തുനിന്ന് വന്നു. ആ കമന്റിന് ശേഷമുള്ള സമൻസ് എനിക്കിതുവരെ കിട്ടിയിട്ടില്ല. സോളാർ കമ്മീഷന്റെ മുൻപിൽ ഒരു ഞഞ്ഞാമുഞ്ഞയും പറയാൻ ബാധ്യതപ്പെട്ട ആളല്ല

ഞാൻ. സോളാർ കമ്മീഷനെന്നല്ല ഇൻഡ്യാ രാജ്യത്ത് ഏത് നിയമവ്യവസ്ഥിതിയെയും 100 ശതമാനം വിധേയത്വത്തോടുകൂടി അനുസരിക്കുന്ന ഒരാളാണ് ഞാൻ. കമ്മീഷൻ ആവശ്യപ്പെടുന്ന നിമിഷം ഹാജരാകാൻ യാതൊരു ഞഞ്ഞാമുഞ്ഞയും പറയുന്ന ആളല്ല. നിർഭാഗ്യവശാൽ ആദരണീയനായ നമ്മുടെ പ്രതിപക്ഷ നേതാവ് പരസ്പരബന്ധമില്ലാത്ത ഒട്ടേറെ കാര്യങ്ങൾ പറയുന്ന കൂട്ടത്തിലാണല്ലോ; അക്കൂട്ടത്തിൽ എന്നെക്കുറിച്ച് അനാവശ്യമായും അടിസ്ഥാനരഹിതവുമായി പറഞ്ഞ ആരോപണങ്ങൾ രേഖകളിൽനിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കുന്നതാണ്.